## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1956 — 19.06.2012 ൽ മറുപടിയ്ക്ക്

### വാഹനങ്ങളിൽ സുരക്ഷാ നമ്പർ പ്ലേറ്റുകൾ

| ചോദ്യം<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. കെ. എൻ. എ. ഖാദർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്തെ വാഹനങ്ങളിൽ സുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കുന്നതിനുള്ള നടപടികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ; | (എ) | വാഹനങ്ങളിൽ അതി സുരക്ഷാ നമ്പർ പ്ലേറ്റുകൾ ഏർപ്പെടുത്തണമെന്ന് ബഹു. സുപ്രീം കോടതി W.P. (C) 510/2005 എന്ന റിട്ട് ഹർജിയിൽ 13.08.2010-ൽ പുറപ്പെടുവിച്ച ഉത്തരവിനെ തുടർന്ന് 07.10.2010 ലെ സർക്കാർ ഉത്തരവ് G.O. (MS) No.69/2010/Tran പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റ് സംവിധാനം ഏർപ്പെടുത്തുവാൻ ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ, ടോൺജസ് ഈസ്റ്റേൺ സെക്യൂരിറ്റി ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഫയൽ ചെയ്ത SLP (C) 13630-13631/2011 ൻ മേൽ 13.05.2011-ൽ പുറപ്പെടുവിച്ച വിധി പ്രകാരം ബഹു: സുപ്രീം കോടതി ദർഘാസിന്റെ തുടർനടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. W.P. (C) 510/2005-നു മേൽ ബഹു: സുപ്രീം കോടതിയുടെ 07.02.2012 ലെ അന്തിമ വിധി പ്രകാരം രാജ്യത്താകമാനമുള്ള പുതിയ വാഹനങ്ങൾക്ക് ഏപ്രിൽ 30 നകവും പഴയ വാഹനങ്ങൾക്ക് ജൂൺ 15 നകവും സുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കേണ്ടതുണ്ടെന്ന് ഉത്തരവായിരുന്നു. ഇതു നടപ്പാക്കുന്നതിനായി SLP (C) 13630-13631/2011 തീർപ്പാക്കുന്നതിനു വേണ്ടി ബഹു. സുപ്രീം കോടതി മുമ്പാകെ സർക്കാർ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) ഇത്തരം നമ്പർ പ്ലേറ്റ് ഏർപ്പെടുത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണ്; | (ബി) | മോഷ്ടിക്കപ്പെട്ട വാഹനങ്ങളുടെ നമ്പർ പ്ലേറ്റിൽ കൃത്രിമം കാണിച്ച് വിധ്വംസക പ്രവർത്തനങ്ങൾ നടത്തുന്നതു പോലെയുള്ള ദുരുപയോഗം തടയുവാനും രാജ്യസുരക്ഷാ ശക്തിപ്പെടുത്തുവാനും കേന്ദ്ര സർക്കാർ 2001-ൽ ആവിഷ്കരിച്ച |

| | | |
|---|---|---|
| | | പദ്ധതിയാണ് അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ (High Security Registration Plate – HSRP). ഇവ നടപ്പാക്കുകയാണെങ്കിൽ ഇന്ത്യയിലൊട്ടാകെ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകൾ ഒരേ തരത്തിലായിരിക്കും പ്രദർശിപ്പിക്കുക. വിവിധ തരത്തിലുള്ള സുരക്ഷാ ക്രമീകരണങ്ങൾ അടങ്ങിയ നമ്പർ പ്ലേറ്റുകളാണ് അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ. |
| (സി)ആധുനിക സുരക്ഷാ നമ്പർ പ്ലേറ്റുകൾ നിർമ്മിച്ച് അവ വാഹനങ്ങളിൽ ഘടിപ്പിക്കുന്നതിന് ശേഷിയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെങ്കിലുമുണ്ടോ; | (സി) | അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ Type Approval Certificate ലഭിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉള്ളതായി അറിവില്ല. |
| (ഡി)സ്വകാര്യ ഏജൻസി മുഖേന ഇവ ഘടിപ്പിക്കുമ്പോൾ വാഹനമൊന്നിന് ശരാശരി എന്ത് തുക ചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ)സംസ്ഥാനത്ത് എത്ര വാഹനങ്ങൾക്കാണ് ആധുനിക സുരക്ഷാ നമ്പർ പ്ലേറ്റുകൾ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുള്ളത്? | (ഇ) | 31.03.2012-ലെ കണക്ക് പ്രകാരം ഏകദേശം 73 ലക്ഷത്തോളം വാഹനങ്ങളിൽ ഇവ ഘടിപ്പിക്കേണ്ടി വരും. |

സെക്ഷൻ ഓഫീസർ